**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6817** **11-07-2024 - ൽ മറുപടിയ്ക്ക്**

**പഴയ ആധാരങ്ങൾ, റിക്കാർഡുകൾ എന്നിവ ബയന്റ് ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയ ആധാരങ്ങൾ, റിക്കാർഡുകൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതോടൊപ്പം ബയന്റ് ചെയ്യുന്നതിനു കൂടി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയ ആധാരപകർപ്പുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിൽ സംരക്ഷിക്കുന്നുണ്ട്. പഴയ ആധാരങ്ങൾ, റിക്കോർഡുകൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനോടൊപ്പം ബയന്റിംഗ് നിർവ്വഹിക്കുവാൻ ഡിജിറ്റൈസേഷൻ ജോലികളുടെ ഭാഗമായുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>നിലവിൽ ജില്ലാ രജിസ്ട്രാർ ഓഫീസുകളിൽ പ്രവർത്തിച്ചു വരുന്ന ബയന്റിംഗ് യൂണിറ്റുകളാണ് സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാര വാല്യങ്ങളുടെ ബയന്റിംഗ് ജോലികൾ നിർവ്വഹിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ